A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

GI 602

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

ക്ലാസ്സ് : 6

## കേരള പാഠാവലി

സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാരസൂചകങ്ങൾ നൽകണം.
3. എല്ലാ ചോദ്യത്തിന്റെയും നിലവാര സൂചകങ്ങൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E) ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

1.എ. വർണന 4

- ആലങ്കാരികമായ ഭാഷ (സന്ധ്യയുടെ ചാരുത, ദൃശ്യഭംഗികൾ എന്നിവ വെളിവാകുന്ന രീതിയിൽ വർണിച്ചുകൊണ്ട് അവതരിപ്പിക്കൽ)
- ഭാവനാംശം കലർന്ന ഉള്ളടക്കം (സൂക്ഷ്മ നിരീക്ഷണത്തിന്റെയും ഭാവനയുടെയും പിൻബലത്തിൽ സന്ധ്യയുടെ സൂക്ഷ്മാംശങ്ങൾ കണ്ടെത്തി എഴുതിയിട്ടുണ്ട്.
- മനസ്സിൽ പതിയുന്ന വാക്കുകളിലൂടെ ആശയപൂർണത വെളിവാക്കുന്ന രീതിയിൽ ക്രമീകരിക്കൽ.
- പൂർവാപരബന്ധത്തോടെയുള്ള രചന

ബി. അന്തി 1

2. കഥാപാത്രനിരൂപണം 5

- കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ

  (സഹായിക്കാനുള്ള മനസ്സ്/സ്നേഹം കൊതിക്കുന്ന ഹൃദയം/സഹായസന്നദ്ധത സത്യസന്ധത/ജോലിയിലുള്ള ആത്മാർത്ഥത/വിശ്വസ്തത/ദീനാനുകമ്പ) തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്.
- കഥയിൽ കഥാപാത്രത്തിനുള്ള സ്ഥാനം തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്.

  (കേന്ദ്രകഥാപാത്രമെന്ന നിലയിൽ മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം തിരിച്ചറിഞ്ഞിട്ടുണ്ട്. കഥാഗതിയിൽ കഥാപാത്രത്തിന് നിർണായക പ്രാധാന്യമുണ്ട്)
- കഥയുടെ സാമൂഹ്യപ്രസക്തി (നന്മ നഷ്ടമാകുന്ന കാലഘട്ടത്തിൽ കഥ നൽകുന്ന ശക്തമായ സന്ദേശം/കഥാപാത്രങ്ങളുടെ നിലപാടുകൾ) തിരിച്ചറിയുന്നു. സ്വന്തം കാഴ്ചപ്പാട് ഉൾപ്പെടുത്തി രചനയിലേർപ്പെടുന്നു.

* പൂർവാപരബന്ധത്തോടെയുള്ള രചന, ആശയ വ്യക്തത, സൂക്ഷ്മാംശങ്ങൾ

3.എ. വിശകലന കുറിപ്പ് 4

* കവിതകളുടെ ആശയം, പ്രതിപാദന രീതി വാക്കുകളുടെ ഔചിത്യം പ്രയോഗഭംഗി ഇവ കണ്ടെത്തി എഴുതിയിട്ടുണ്ട്.
* പ്രതിപാദനത്തിലെ സമാനതകൾ കണ്ടെത്തി എഴുതിയിട്ടുണ്ട്.
* പ്രതിപാദനത്തിലെ സൂക്ഷ്മാംശങ്ങൾ കണ്ടെത്തി സ്വന്തം നിലപാട് സഹിതം രേഖപ്പെടുത്തിയിട്ടുണ്ട്.
* ആശയങ്ങൾ ഒഴുക്കോടെ പൂർവാപരബന്ധത്തോടെ ഖണ്ഡികകളായി ക്രമീകരിച്ച് രചന നടത്തിയിട്ടുണ്ട്.
* വർണനകളെയും വാങ്മയ ചിത്രങ്ങളെയും ഉചിതമായി വിശകലനം ചെയ്തിട്ടുണ്ട്.

ബി. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. 1

4.എ. ആസ്വാദന കുറിപ്പ് 4

* കഥയിലെ പ്രധാന ആശയം കണ്ടെത്തി എഴുതിയിട്ടുണ്ട്.
* തലക്കെട്ടിന് കഥയിൽ ഉള്ള പ്രാധാന്യം തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്.
* കഥയിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകളുടെയും പ്രയോഗങ്ങളുടെയും പ്രത്യേകതകൾ കണ്ടെത്തി എഴുതിയിട്ടുണ്ട്.
* സ്വന്തം നിലപാടിലൂന്നി നിന്നുകൊണ്ട് കഥയെയും കഥാപാത്രങ്ങളെയും വിലയിരുത്തിയിട്ടുണ്ട്.
* കഥ നൽകുന്ന സന്ദേശം തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്.
* മികച്ച തുടക്കം ഒടുക്കം ഇവ പുലർത്തിക്കൊണ്ട് അനുയോജ്യമായ ഭാഷയിൽ എഴുതിയിട്ടുണ്ട്.

ബി. ഉചിതമായ മറ്റൊരു തലക്കെട്ട് നിർദ്ദേശിച്ചിട്ടുണ്ട്. 1

5. അനുസ്മരണ പ്രസംഗം 5

* വിഷയം സംബന്ധിച്ച് കേൾവിക്കാരിൽ വൈകാരികമായ അടുപ്പം നിറയ്ക്കുന്ന രൂപത്തിലുള്ള അവതരണം
* ആശയ സമഗ്രത (ആധികാരികമായും ഒഴുക്കോടെയും ചോദ്യത്തിലൂടെ ലഭിച്ചവയും അധിക വിവരങ്ങളും ചേർത്ത് പരസ്പരബന്ധത്തോടെയുള്ള അവതരണം.)
* അനുയോജ്യമായ ഭാഷയിലൂടെ കേൾവിക്കാരെ അടുപ്പിച്ച് നിർത്തുന്ന രീതിയിലുള്ള അവതരണം.
* പ്രസംഗത്തിന്റെ ഘടന (തുടക്കം. അഭിസംബോധന, വിഷയാവതരണം, വളർച്ച, ഉപസംഹാരം)